File No.FWLD-A2/102/2018-FWLD

൨൭൫൫൨
൨൬/൧൨/൧൯

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - തൃശ്ശൂർ ഡിവിഷൻ , ചെമ്പുത്ര തളിക്കോട് ഭാഗത്ത് കൈയ്യേറ്റ കൈവശ ഭൂമിയിൽ നിന്ന് മരങ്ങൾ മുറിച്ച് മാറ്റിയത് യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിലെ ശ്രീ . ആർ . അജി , ബീറ്റ് ഫോറസ്റ്റ് ഓഫീസർ ക്കെതിരെയുള്ള അച്ചടക്ക നടപടി - റിവ്യൂ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.295/2019/വനം** തീയതി,തിരുവനന്തപുരം, 30/07/2019

---

പരാമർശം:- 1 ഡി & പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 29/08/2014ലെ B6-15950/11 നം .ഉത്തരവ്

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) &ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 06/02/2017 ലെ B7-4898/14 നം. ഉത്തരവ്

3 ശ്രീ . ആർ . അജി , ബീറ്റ് ഫോറസ്റ്റ് ഓഫീസർ സർക്കാരിനു സമർപ്പിച്ച 27.03.2017ലെ റിവ്യൂ ഹർജി.

4 ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06/06/2019ലെ B4-25872/2018 നം. കത്ത്

<u>ഉത്തരവ്</u>

തൃശ്ശൂർ ഡിവിഷൻ , പട്ടിക്കാട് റെയിഞ്ച് , പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിലെ ചെമ്പുത്ര തളിക്കോട് ഭാഗത്ത് ആർ . എം . കമ്പനിയുടെ സ്ഥലത്തിനോട് ചേർന്ന്

കിടക്കുന്ന കുന്നത്ത് വളപ്പിൽ മണി എന്നയാളുടെ കൈയ്യേറ്റ കൈവശ ഭൂമിയിൽ നിന്ന് മരങ്ങൾ മുറിച്ചു മാറ്റിയത് യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിന് ശ്രീ . ആർ . അജി , ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഉൾപ്പടെ അഞ്ചു പേർക്കെതിരെ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2)ടിയാന്മാർക്കെതിരെയുള്ള കുറ്റങ്ങൾ തഴെപ്പറയുന്നു .

I) ചെമ്പൂത്ര – താളിക്കോട് ഭാഗത്ത് ആർ . എം . കമ്പനിയുടെ സ്ഥലത്തിനോട് ചേർന്ന് കിടക്കുന്ന കുന്നത്ത് വളപ്പിൽ മണി എന്നയാളുടെ കൈയ്യേറ്റ കൈവശ ഭൂമിയിൽ നിന്ന് സർ ക്കാരിന് 53,000/– രൂപയുടെ നഷ്ടം ഉണ്ടാകത്തക്ക വിധത്തിൽ തേക്ക്, ഈട്ടി , കന്നിവാക ഉൾപ്പെടെ വിവിധ ഇനം മരങ്ങളുടെ തലപ്പം ശിഖരങ്ങളും വെട്ടി ഇറക്കുകയും ഹിറ്റാച്ചി വാഹനം ഉപയോഗിച്ച് നാല് തേക്ക് മരങ്ങൾ , നാല് ഇലവ് മരങ്ങൾ , ഒരു പാറകം , ഒരു അത്തിമരം എന്നിവ പിഴുത് മാറ്റുകയും ചെയ്തത് യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തി .

II) ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റാഫീസർ മഹസ്സർ തയ്യാറാക്കി തുടർ നടപടിയ്ക്കും അന്വേഷണത്തിനുമായി കൈമാറിയ ഈ കേസിൽ ഹിറ്റാച്ചിയോ , ഹിറ്റാച്ചി ഉടമയെയോ , ഡ്രൈവറെയോ കണ്ടെത്തുന്നതിനോ കസ്റ്റഡിയിൽ എടുക്കുന്നതിനോ പരാജയപ്പെട്ടു .

3) എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും കുറ്റാരോപിതർക്ക് ടിയാന്മാരുടെ നിരപരാധിത്വം തെളിയിക്കുന്നതിനും ഒരവസരം കൂടി നൽകുന്നതിനുമായി ഒരു ഔപചാരിക അന്വേഷണവും നടത്തുകയും അന്വേഷണത്തിൽ കുറ്റാരോപിതർ ക്കെതിരെയുള്ള ചാർജ്ജുകൾ ഭാഗികമായി തെളിയുകയുണ്ടായസാഹചര്യത്തിൽ ശിക്ഷയായി കുറ്റാരോപിത രുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ ആറുമാസത്തേയ്ക്ക് തടയുക , സർക്കാർ നഷ്ടമായ 53,000/– ടിയാന്മാരുടെ ശമ്പളത്തിൽ നിന്നും ആനുപാതികമായി ഈടാക്കുക എന്നീ ശിക്ഷകൾ സ്ഥിരപ്പെടുത്തിക്കൊണ്ട് പരാമർശം 1 പ്രകാരം അച്ചടക്ക നടപടി തീർ പ്പാക്കി .ടി ഉത്തരവിനെതിരെ ശ്രീ . ആർ . അജി , ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെട്ട കുറ്റാരോപിതർ അപ്പീൽ സമർപ്പിക്കുകയും, അപ്പീൽ പരിശോധിച്ചതിൽ കേസ് രജിസ്റ്റർ ചെയ്ത ശേഷം കുറ്റാരോപിതർ പ്രതികളെയും കൃത്യത്തിനുപയോഗിച്ച

പ്രൊക്ലൈയിനും കസ്റ്റഡിയിലെടുക്കാൻ സ്വീകരിച്ച നടപടികൾ കണക്കിലെടുത്തുകൊണ്ട് നൽകിയ ശിക്ഷയിൽ ഇളവ് വരുത്തി മഹസ്സറിൽ പരാമർശിച്ച തലപ്പം ശിഖരങ്ങളും മുറിച്ചതും , മുറിച്ച് വീഴ്ത്തിയതുമായ തേക്ക മരങ്ങളുടെ ആകെ നഷ്ടമായ 35,150/- രൂപയുടെ ആനുപാതിക വിഹിതം മാത്രം ടിയാന്മാരിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ച് പരാമർശം 2 പ്രകാരം അപ്പീൽ തീർപ്പാക്കി .

4)പരാമർശം 2 പ്രകാരമുള്ള ഉത്തരവിനെതിരെ ശ്രീ . ആർ . അജി , ബീറ്റ് ഫോറസ്റ്റ് ഓഫീസർ പരാമർശം 3 പ്രകാരം സർക്കാരിനു റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി. റിവ്യൂ ഹർജിയിലെ ശ്രീ അജിയുടെ വാദവും,ആയതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അഭിപ്രായവും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടപ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു .

5)പതിനൊന്ന് ചെറിയ മരങ്ങളാണ് മുറിച്ചതായി കണ്ടെത്തിയതെന്നും അതിന് നാല് ദിവസത്തെ പഴക്കമാണുണ്ടായിരുന്നതെന്നും കൈയ്യേറ്റ ഭൂമിയിലെ ഈ കുറ്റകൃത്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചത് കുറ്റപത്രത്തിൽ പറയുന്ന സ്റ്റാഫ് ആണെന്നും വർക്ക്ഷോപ്പിൽ ഒളിപ്പിച്ചിരുന്ന ഹിറ്റാച്ചി 6 മാസത്തിനുശേഷം കണ്ടെത്തി കസ്റ്റഡിയിൽ എടുത്തുവെന്നും കുറ്റപത്രത്തിൽ പറയുന്ന ആരോപണത്തിൽ കഴമ്പില്ലായെന്നും ഹർജിക്കാരൻ വാദിക്കുകയുണ്ടായി .

6)ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം 4 പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം തങ്ങളുടെ ചാർജിലുള്ള തൊണ്ടി വഹകൾ പൊതുലേലത്തിൽ വിൽക്കുന്നതിന് കോടതി അനുമതിക്കായി യഥാസമയം ജീവനക്കാർ അപേക്ഷ സമർപ്പിക്കുകയും തൊണ്ടിവഹകളുടെ ശോച്യാവസ്ഥ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. കേസിലുൾപ്പെട്ട വാഹനം കണ്ടുകെട്ടി ഉത്തരവാകുകയും വാഹനം വിട്ടുകൊടുത്ത വേളയിൽ നൽകിയ 6 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി സർക്കാരിലേയ്ക്ക് മുതൽ കൂട്ടിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു . ഇക്കാര്യത്തിൽ വന്ന സർക്കാർ നഷ്ടതുക അപ്രകാരം ലഭിച്ചിട്ടുണ്ടെന്നു സർക്കാർ വിലയിരുത്തുന്നു.

7)മേൽ സാഹചര്യത്തിൽ ശ്രീ . ആർ അജി ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ റിവ്യൂ

ഹർജിയിന്മേൽ ടിയാനെ പൂർണ്ണമായി കുറ്റവിമുക്തനാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം ഈ വിഷയത്തിലുൾപ്പെട്ട മറ്റു കുറ്റക്കാരുടെ കാര്യത്തിലും തുല്യ നീതി ഉറപ്പുവരുത്തുന്നതിനു വേണ്ട നടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

പകർപ്പ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ആർ . അജി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.08.01 16:35:48
IST
Reason: Approved
സെക്ഷൻ ഓഫീസർ